# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.442 | 21.10.2016-ൽ മറുപടിയ്ക്ക് |
|---|---|

**സംസ്ഥാനത്തെ എല്ലാ വീടുകളിലും ശൗചാലയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.രാജഗോപാലൻ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.മുരളി പെരുനെല്ലി | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ എല്ലാ വീടുകളിലും ശൗചാലയം നിർമ്മിക്കാനുള്ള പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. കേരളത്തിലെ എല്ലാ കുടുംബങ്ങൾക്ക് കക്കൂസ് സൗകര്യം ഉറപ്പാക്കുന്നതിനുള്ള പദ്ധതി പഞ്ചായത്തുകളും, നഗരസഭകളും നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ ഗ്രാമ പ്രദേശങ്ങളിൽ പൂർണ്ണമായും ശൗചാലയം നിർമ്മിച്ച് 2016 നവംബർ ഒന്നിന് ഓപ്പൺ ഡെഫിക്കേഷൻ ഫ്രീയായി പ്രഖ്യാപിക്കുന്നതിനും, സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ പൂർണ്ണമായും ശൗചാലയം നിർമ്മിച്ച് 2017 മാർച്ച് 31 ന് ഓപ്പൺ ഡെഫിക്കേഷൻ ഫ്രീയായി പ്രഖ്യാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഗുണഭോക്താക്കളെ കണ്ടെത്താൻ സ്വീകരിച്ച മാർഗ്ഗമെന്തായിരുന്നുവെന്നും ഏത് ഏജൻസിയാണ് ഈ ഉത്തരവാദിത്തം നിർവ്വഹിച്ചതെന്നും അറിയിക്കാമോ; ഗുണഭോക്താക്കളായി എത്ര പേർ ഉണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ എന്നിവരെ ഉപയോഗിച്ച് സർവ്വേ നടത്തിയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയത്. പഞ്ചായത്തിലെയും ബ്ളോക്കിലെയും ഉദ്യോഗസ്ഥർ, പ്രസ്തുത സർവ്വേ ഡേറ്റാ ഫീൽഡുതല പരിശോധന നടത്തി വാലിഡേറ്റ് ചെയ്യുകയുണ്ടായി. സർവ്വേ പ്രകാരം ഗ്രാമങ്ങളിൽ 175399 കുടുംബങ്ങളും, നഗര പ്രദേശങ്ങളിൽ 34578 കുടുംബങ്ങളും ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്തവരാണ് എന്നു കണ്ടെത്തി. |
| (സി) ഒരോ യൂണിറ്റിനും കണക്കാക്കിയിരിക്കുന്ന ചെലവെത്രയെന്നും, കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന തുകയെത്രയെന്നും ബാക്കി തുക കണ്ടെത്താൻ എന്തു മാർഗ്ഗമാണ് അവലംബിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; | (സി) വ്യക്തിഗത ഗാർഹിക ടോയ്‌ലറ്റിന്റെ യൂണിറ്റ് കോസ്റ്റ് 15400 രൂപയാണ്. കേന്ദ്ര വിഹിതം, സംസ്ഥാനവിഹിതം ഗുണഭോക്തൃവിഹിതം/തദ്ദേശ ഭരണ സ്ഥാപന വിഹിതം എന്നിവ താഴെ പറയും പ്രകാരമാണ്. |

| | കേന്ദ്ര വിഹിതം (60%) | സംസ്ഥാന വിഹിതം (40%) | തദ്ദേശ വിഹിതം | ആകെ |
|---|---|---|---|---|
| ഗ്രാമം | 7200 | 4800 | 3400 | 15400 |
| നഗരം | 4000 | 2667 | 8733 | 15400 |

കേന്ദ്ര സംസ്ഥാന വിഹിതവും തദ്ദേശ ഭരണ സ്ഥാപന വിഹിതവും ഉൾപ്പെടെ 15400 രൂപയാണ് യൂണിറ്റ് കോസ്റ്റ് എങ്കിലും ദുർഘട പ്രദേശങ്ങളിൽ ഇതിൽ കൂടുതൽ തുക നൽകുന്നുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള യഥാർത്ഥ തുകയാണ് നൽകുന്നത്. ഇതിനാവശ്യമായ തുക ത്രിതല പഞ്ചായത്തുകളുടെ പദ്ധതിവിഹിതത്തിൽ നിന്നും കണ്ടെത്തുന്നതിനും ഈ തുക സംസ്ഥാന സർക്കാർ റീഇംബേഴ്സ് ചെയ്തു നൽകുന്നതിനും ഉത്തരവായിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഉണഭോക്താക്കൾ സ്പോൺസർമാരെ നേരിട്ട് കണ്ടുപിടിക്കേണ്ട സാഹചര്യം ഉണ്ടായിരുന്നോയെന്ന് വ്യക്തമാക്കുമോ? | (ഡി) | അങ്ങനെയൊരു സാഹചര്യം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ